# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

## 2020, ഫെബ്രുവരി 4, ചൊവ്വ

## നമ്പർ 205

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

**ചോദ്യങ്ങൾ:**

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാലെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

**അടിയന്തരപ്രമേയം :**

മാവോയിസ്റ്റ് ബന്ധമാരോപിച്ച് കോഴിക്കോട് അറസ്റ്റ് ചെയ്ത രണ്ട് വിദ്യാർത്ഥികളെ യു. എ. പി. എ. ചുമത്തി തടങ്കലിൽ സൂക്ഷിച്ചിരിക്കുന്നത് മൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാ നടപടികൾ നിർത്തിവെച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ഡോ. എം. കെ. മുനീറും മറ്റ് മൂന്ന് അംഗങ്ങളും ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയിരുന്നു. മുഖ്യമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

(ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്ന് ഇറങ്ങിപ്പോയി.)

**ശ്രദ്ധ ക്ഷണിക്കൽ :**

(1) വേലിയേറ്റ പരിധിയിൽ നിന്ന് 100 മീറ്ററിനുള്ളിലുള്ള കെട്ടിടങ്ങളുടെ വിവര ശേഖരണം നടത്താനുള്ള നീക്കം സംസ്ഥാനത്തെ തീരദേശ മേഖലയിലെ ജനങ്ങളിൽ സൃഷ്ടിച്ച ആശങ്കകളിലേയ്ക്ക് ശ്രീ. റ്റി. വി. രാജേഷ് മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മുഖ്യമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) സംസ്ഥാനത്ത് വരാനിരിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകൾക്ക് പകരം പേപ്പർ ബാലറ്റ് ഉപയോഗിച്ച് നടത്തേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ.മഞ്ഞളാംകുഴി അലി തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

ചട്ടം 304 പ്രകാരം ഉന്നയിച്ച വിഷയങ്ങൾ :

ചട്ടം 304 പ്രകാരം അംഗങ്ങൾ താഴെപ്പറയുന്ന വിഷയങ്ങൾ ഉന്നയിച്ചു :

| നമ്പർ | അംഗത്തിന്റെ പേര് | വിഷയം | ബന്ധപ്പെട്ട മന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. രമേശ് ചെന്നിത്തല | ഒരു ബി.ജെ.പി. എം.പി. മഹാത്മാഗാന്ധിയെക്കുറിച്ച് നടത്തിയ പ്രസ്താവന | മുഖ്യമന്ത്രി |
| 2 | ശ്രീ. ബി. ഡി. ദേവസ്സി | തൊഴിൽ സേന | മുഖ്യമന്ത്രി |
| 3 | ശ്രീ. ആർ. രാമചന്ദ്രൻ | തഴവയിൽ പോലീസ് സ്റ്റേഷൻ | മുഖ്യമന്ത്രി |
| 4 | ശ്രീ. അനൂപ് ജേക്കബ് | പിറവത്ത് പോലീസ് സബ്ഡിവിഷൻ ഓഫീസ് | മുഖ്യമന്ത്രി |
| 5 | ശ്രീ. വി. എസ്. ശിവകുമാർ | ദേശീയ സമുദ്ര മത്സ്യബന്ധന നിയന്ത്രണ ബിൽ | മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി |
| 6 | ശ്രീ. ആർ. രാജേഷ് | മാവേലിക്കര ജില്ലാ ആശുപത്രിയുടെ പ്രവർത്തനം | ആരോഗ്യവും സാമൂഹ്യനീതിയും വനിത -ശിശു വികസനവും വകുപ്പുമന്ത്രി |
| 7 | ശ്രീ. സി. കെ. ശശീന്ദ്രൻ | കർഷക തൊഴിലാളി ക്ഷേമനിധി | തൊഴിലും എക്സൈസും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 8 | ശ്രീ. സജി ചെറിയാൻ | ചെങ്ങന്നൂരിൽ അയ്യപ്പഭക്തർക്കുള്ള പിൽഗ്രിം ഷെൽട്ടർ | സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി |
| 9 | ഡോ. എൻ. ജയരാജ് | വിദ്യാർത്ഥികൾക്കുള്ള അംഗീകാരങ്ങൾ വിഭാഗം തിരിച്ച് പ്രഖ്യാപിക്കുന്നത് ഒഴിവാക്കൽ | പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി |
| 10 | ശ്രീ. എൻ. ഷംസുദ്ദീൻ | മതന്യൂനപക്ഷ സംഘടനകൾ നടത്തുന്ന സ്കൂളുകളുടെ അംഗീകാരം | പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി |
| 11 | ശ്രീ. റോജി എം. ജോൺ | അയ്യമ്പുഴ, മലയാറ്റൂർ - നീലീശ്വരം പഞ്ചായത്തുകളിലെ വന്യജീവി ശല്യം | വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി. |

അതത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

<u>ചട്ടം 303 പ്രകാരം ശ്രീ. എം. ഉമ്മർ 3-2-2020-ന് ഉന്നയിച്ച ക്രമപ്രശ്നത്തിന്മേൽ ബഹു.സ്പീക്കറുടെ റൂളിംഗ്:</u>

2020 ജനുവരി 31-ാം തീയതി ചേർന്ന കാര്യോപദേശക സമിതി യോഗ തീരുമാനങ്ങൾ മാധ്യമങ്ങളിലൂടെ പുറത്തുപറഞ്ഞതുവഴി ബഹുമാനപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 200-ലെ വ്യവസ്ഥകൾ ലംഘിച്ചതായും ഇത്തരം പ്രവണതകൾ ആശാസ്യമല്ലെന്നും ഇതിനെതിരെ ശക്തമായ റൂളിംഗ് ഉണ്ടാകണമെന്നും ബഹുമാനപ്പെട്ട അംഗം ശ്രീ. എം. ഉമ്മർ ഇന്നലെ (3-2-2020) ഒരു ക്രമപ്രശ്നത്തിലൂടെ ആവശ്യപ്പെടുകയുണ്ടായി.

ജനവരി 31-ാം തീയതിയിലെ കാര്യോപദേശക സമിതി യോഗത്തിനുശേഷം പുറത്തേക്ക പോയ തന്നെ പത്രമാധ്യമ പ്രവർത്തകർ സമീപിച്ചപ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് നോട്ടീസ് നൽകിയിരുന്ന ചട്ടം 130 പ്രകാരമുള്ള ഉപക്ഷേപത്തിന്മേലുള്ള സർക്കാർ നിലപാട് വിശദീകരിക്കുകയാണുണ്ടായതെന്നും കാര്യോപദേശക സമിതി യോഗം ചേരുന്നതിന് മുമ്പുതന്നെ സർക്കാർ ഇക്കാര്യത്തിൽ കൈക്കൊണ്ട നിലപാടാണ് താൻ വിശദീകരിച്ചതെന്നും സമിതിയുടെ പരിഗണനാ വിഷയത്തെ സംബന്ധിച്ചോ സമിതി യോഗതീരുമാനത്തെ സംബന്ധിച്ചോ ഒരു കാര്യവും താൻ പത്രക്കാരോട് സംസാരിച്ചിട്ടില്ല എന്നും ബഹുമാനപ്പെട്ട മന്ത്രി, സഭയിൽ വിശദീകരണം നൽകുകയുണ്ടായി. കൂടാതെ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവാണ് നിയമസഭയിലെ മീഡിയാ റൂമിൽ പത്രസമ്മേളനം നടത്തി കാര്യോപദേശക സമിതിയിൽ നടന്ന ചർച്ചയുടേയും സമിതി ശിപാർശകളുടേയും വിശദാംശം വെളിപ്പെടുത്തിയതെന്നും യഥാർത്ഥത്തിൽ ചട്ടലംഘനം നടത്തിയത് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവാണെന്നും ഇതുമായി ബന്ധപ്പെട്ട വീഡിയോ ക്ലിപ്പിംഗുകൾ ബഹു.സ്പീക്കർ പരിശോധിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. അതോടൊപ്പം 3-2-2020-ൽ ഒരു ദിനപത്രത്തിൽ എഴുതിയ ലേഖനത്തിലൂടെയും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചട്ടലംഘനം നടത്തുകയുണ്ടായെന്നും ബഹുമാനപ്പെട്ട മന്ത്രി വിശദീകരിച്ചു.

കാര്യോപദേശക സമിതിയോഗത്തെ പരാമർശിച്ചുകൊണ്ട് ബഹുമാനപ്പെട്ട പാർലമെന്ററി കാര്യമന്ത്രി പത്രക്കാരെ കണ്ട് സംസാരിച്ചതിന്റെ അടിസ്ഥാനത്തിൽ മാത്രമാണ്, ബഹു.സ്പീക്കറെ മുൻകൂട്ടി അറിയിച്ചശേഷം കാര്യോപദേശക സമിതിയിൽ ഉണ്ടായ കാര്യങ്ങളെ സംബന്ധിച്ച് ഒരു വിശദീകരണം നൽകേണ്ട സാഹചര്യം ഉണ്ടായതെന്നും താൻ മനപ്പൂർവ്വം ചട്ടലംഘനം നടത്തിയിട്ടില്ലെന്നും ബഹു.സ്പീക്കർ ബന്ധപ്പെട്ട രേഖകൾ വിശദമായി പരിശോധിച്ചശേഷം ഇക്കാര്യത്തിൽ ശക്തമായ റൂളിംഗ് നൽകണമെന്നും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അഭ്യർത്ഥിക്കുകയുണ്ടായി.

ഉന്നയിക്കപ്പെട്ട ആരോപണങ്ങളുമായി ബന്ധപ്പെട്ട വിശദാംശങ്ങളുടെ വീഡിയോ ക്ലിപ്പിംഗുകൾ സഹിതമുള്ള രേഖകൾ ചെയർ പരിശോധിക്കുകയുണ്ടായി. നിയമസഭാ മന്ദിരത്തിനു പുറത്തു വച്ച്, തന്നെ വന്നുകണ്ട പത്രമാധ്യമ പ്രവർത്തകരോട് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് നോട്ടീസ് നൽകിയിരുന്ന ചട്ടം 130 പ്രകാരമുള്ള ഉപക്ഷേപത്തിന്മേലുള്ള സർക്കാർ നിലപാട് വിശദീകരിക്കുക മാത്രമാണുണ്ടായതെന്ന അദ്ദേഹത്തിന്റെ വാദത്തെ ശരിവയ്ക്കുന്ന തരത്തിൽ തന്നെയായിരുന്നു അതു സംബന്ധിച്ച വീഡിയോ ക്ലിപ്പിംഗുകളിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്നത്. മാത്രവുമല്ല, കാര്യോപദേശക സമിതിയുടെ യോഗതീരുമാനങ്ങളെ സംബന്ധിച്ചുള്ള ഏതെങ്കിലും പരാമർശം അദ്ദേഹം നടത്തിയതായും പ്രസ്തുത വീഡിയോയിൽ കാണാൻ കഴിഞ്ഞില്ല.

എന്നാൽ ബഹുമാനപ്പെട്ട മന്ത്രി കാര്യോപദേശക സമിതി തീരുമാനം പത്രക്കാരോട് വെളിപ്പെടുത്തി എന്ന ഒരു തെറ്റിദ്ധാരണയുടെ അടിസ്ഥാനത്തിലാണെന്ന് തോന്നുന്നു, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് നിയമസഭാ മീഡിയാ റൂമിൽ പത്രസമ്മേളനം നടത്തിയതും കാര്യോപദേശക സമിതിയിൽ നടന്ന ചർച്ചയുടെ വിശദാംശം പത്രക്കാരോട് വിശദീകരിച്ചതും. കൂടാതെ, 2020 ഫെബ്രുവരി 3-ാം തീയതിയിലെ ഒരു ദിനപത്രത്തിൽ "ഗവർണറെ തിരിച്ചുവിളിക്കണമെന്ന പ്രമേയം നിരാകരിച്ചതിനു പിന്നിൽ" എന്ന തലക്കെട്ടിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ പേരിൽ വന്ന ലേഖനത്തിലും 31-1-2020-ലെ കാര്യോപദേശക സമിതിയിൽ നടന്ന ചർച്ചയുടേയും സമിതി കൈക്കൊണ്ട തീരുമാനത്തേയും സംബന്ധിച്ച വ്യക്തമായ പരാമർശങ്ങൾ ഉൾപ്പെടുത്തിയിരുന്നു.

എം.എൻ. കൗൾ ആന്റ് എസ്. എൽ. ശക്ധർ-ന്റെ "Practice and Procedure of Parliament" എന്ന ഗ്രന്ഥത്തിൽ "പാർലമെന്ററി സമിതികൾ" എന്ന 30-ാം അദ്ധ്യായത്തിലെ 'പ്രൊസീഡിംഗ്സ് ഇൻ കമ്മിറ്റീസ് ' എന്ന ഉപശീർഷകത്തിൻ കീഴിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:

" The proceedings of a committee are treated as confidential and it is not permissible for a member of a committee or anyone who has access to those proceedings to communicate, directly or indirectly, to the press or any other persons any information regarding the proceedings, including the report or any conclusion arrived at finally or tentatively, before the report is presented to the House." (page 839, 7th Edition)

കേരള നിയമസഭയുടെ നടപടി ചട്ടങ്ങളിലും സമാനമായൊരു വ്യവസ്ഥ ചട്ടം 200-ൽ ഉൾപ്പെടുത്തിയിരിക്കുന്നത് നിയമസഭാ സമിതികളുടെ പ്രവർത്തനം കൂടുതൽ ഗൗരവതരവും കാര്യക്ഷമവും ആയി മാറ്റണമെന്ന ഉദ്ദേശ്യത്തോടുകൂടിത്തന്നെയാണ്. നമ്മുടെ നിയമസഭാ സമിതികളുടെ കാര്യത്തിൽ പൊതുവായും കാര്യോപദേശക സമിതിയുടെ കാര്യത്തിൽ പ്രത്യേകമായും അവയുടെ രഹസ്യ സ്വഭാവം നഷ്ടപ്പെടുത്തിയതും അതുവഴി സഭയുടെയും സമിതികളുടെയും പ്രത്യേക അവകാശം ലംഘിച്ചതും സംബന്ധിച്ച് കാര്യമായ പരാതികളൊന്നുംതന്നെ കഴിഞ്ഞ കാലങ്ങളിൽ ഉയർന്നുവന്നിട്ടില്ല. അതുകൊണ്ടുതന്നെ ഇക്കാര്യത്തെ സംബന്ധിച്ച് പ്രത്യേക റൂളിംഗുകളും ഉണ്ടായതായിക്കാണുന്നില്ല.

മാധ്യമങ്ങൾ നമ്മിലേക്ക് കിനിഞ്ഞിറങ്ങുകയും, നമ്മൾ മാധ്യമങ്ങളാൽ വലയം ചെയ്യപ്പെടുകയും ചെയ്യുന്ന ഈ കാലത്താണ് നമ്മൾ ഉള്ളത് എന്നത് എല്ലാവരും ജാഗ്രതയോടെ കാണണം. മാധ്യമ സ്വാതന്ത്ര്യം പ്രധാനമാണെങ്കിലും, സഭയുടെ അവകാശങ്ങളും അധികാരവും അതുപോലെ തന്നെ പ്രധാനമാണ്. സഭ അംഗീകരിച്ചിട്ടില്ലാത്ത കാര്യോപദേശക സമിതിയുടെ റിപ്പോർട്ട്, മാധ്യമ ചർച്ചയ്ക്ക് വിധേയമാകുന്ന തരത്തിൽ, അവസരമായി

മാറിയത് അത്യന്തം നിർഭാഗ്യകരമാണ്. അത് സഭയുടെ അന്തസ്സിന് നിരക്കാത്തതായിപ്പോയി. സഭയുടെ അവകാശ ലംഘനത്തിന്റെ പേരിൽ നടപടി സ്വീകരിക്കുവാൻ പര്യാപ്തമായ ഇത്തരം നടപടികൾ യാതൊരു കാരണവശാലും ഭാവിയിൽ ആവർത്തിക്കപ്പെടാൻ പാടില്ലെന്ന് ചെയർ ഇത്തരുണത്തിൽ റൂൾ ചെയ്യുന്നു.

<u>ഗവർണറുടെ പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തുന്ന പ്രമേയത്തിന്മേലുള്ള ചർച്ച :</u>

ഗവർണറുടെ പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തുന്ന പ്രമേയത്തിന്മേലുള്ള ചർച്ച തുടർന്നു. താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു.

ശ്രീ. ജെയിംസ് മാത്യു

ശ്രീ. വി. ടി. ബൽറാം

ശ്രീ. ആർ.രാമചന്ദ്രൻ

ശ്രീ. പി. കെ. അബ്ദു റബ്ബ്

ശ്രീ. കെ. ആൻസലൻ

ശ്രീ. പി. ജെ. ജോസഫ്

ശ്രീ. കെ. ജെ.മാക്സി

ശ്രീ.അനൂപ് ജേക്കബ്

ശ്രീ. സി. കെ.നാണു

ശ്രീ. മാണി സി. കാപ്പൻ

ശ്രീ. കാരാട്ട് റസാഖ്

ശ്രീ. അൻവർ സാദത്ത്

ശ്രീമതി യു. പ്രതിഭ

ശ്രീ. എം. രാജഗോപാലൻ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. സി. കൃഷ്ണൻ

ശ്രീ. മുഹമ്മദ് മുഹസിൻ പി.

ശ്രീ.വി.കെ.പ്രശാന്ത്

ശ്രീ. ടി. വി. ഇബ്രാഹിം

ശ്രീ. എസ്. രാജേന്ദ്രൻ

ശ്രീ. പി. ടി. തോമസ്

ശ്രീ. വി. ജോയി

(ചർച്ച പൂർത്തിയായില്ല.)

2020 ഫെബ്രുവരി 5-ാം തീയതി ബുധനാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 4.02-ന് സഭ പിരിഞ്ഞു.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,

*സെക്രട്ടറി.*

FOURTEENTH KERALA LEGISLATIVE ASSEMBLY

Eighteenth Session

# BULLETIN—PART I

( Brief Record of Proceedings )

*Tuesday, February 4, 2020*

**No.205**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

Four questions in the list of questions posted for the day were answered orally.

*Adjournment motion :*

After hearing the Chief Minister the Speaker withheld consent to the moving of an adjournment motion given notice of by Dr. M. K. Muneer and three other Members regarding the serious situation reported to have arisen consequent to the detention of two students hailing from Kozhikode, who were booked under U.A.P.A. for their alleged link with Maoists.

(In protest against the attitude of the Government in the matter the members belonging to the Opposition staged a walkout.)

*Calling Attention:*

(1) Shri T. V. Rajesh called the attention of the Chief Minister to the apprehension created among the people in coastal areas consequent to the move to collect data regarding the buildings within the 100 metre periphery of high tide line in the State. The Chief Minister made a statement thereto.

(2) Shri Manjalamkuzhi Ali called the attention of the Minister for Local Self Governments to the necessity to conduct the forthcoming election to Local Self Government Institutions in the State using ballot paper instead of Electronic Voting Machines. The Minister made a statement thereto.

*Matters raised by members under Rule 304 :*

The Members raised the following matters under Rule 304:

| നമ്പർ | അംഗത്തിന്റെ പേര് | വിഷയം | ബന്ധപ്പെട്ട മന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. രമേശ് ചെന്നിത്തല | ഒരു ബി.ജെ.പി. എം.പി. മഹാത്മാഗാന്ധിയെക്കുറിച്ച് നടത്തിയ പ്രസ്താവന | മുഖ്യമന്ത്രി |
| 2 | ശ്രീ. ബി. ഡി. ദേവസ്സി | തൊഴിൽ സേന | മുഖ്യമന്ത്രി |
| 3 | ശ്രീ. ആർ. രാമചന്ദ്രൻ | തഴവയിൽ പോലീസ് സ്റ്റേഷൻ | മുഖ്യമന്ത്രി |
| 4 | ശ്രീ. അനൂപ് ജേക്കബ് | പിറവത്ത് പോലീസ് സബ്ഡിവിഷൻ ഓഫീസ് | മുഖ്യമന്ത്രി |
| 5 | ശ്രീ. വി. എസ്. ശിവകുമാർ | ദേശീയ സമുദ്ര മത്സ്യബന്ധന നിയന്ത്രണ ബിൽ | മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി |
| 6 | ശ്രീ. ആർ. രാജേഷ് | മാവേലിക്കര ജില്ലാ ആശുപത്രിയുടെ പ്രവർത്തനം | ആരോഗ്യവും സാമൂഹ്യനീതിയും വനിത -ശിശു വികസനവും വകുപ്പുമന്ത്രി |
| 7 | ശ്രീ. സി. കെ. ശശീന്ദ്രൻ | കർഷക തൊഴിലാളി ക്ഷേമനിധി | തൊഴിലും എക്സൈസും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 8 | ശ്രീ. സജി ചെറിയാൻ | ചെങ്ങന്നൂരിൽ അയ്യപ്പഭക്തർക്കുള്ള പിൽഗ്രിം ഷെൽട്ടർ | സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി |
| 9 | ഡോ. എൻ. ജയരാജ് | വിദ്യാർത്ഥികൾക്കുള്ള അംഗീകാരങ്ങൾ വിഭാഗം തിരിച്ച് പ്രഖ്യാപിക്കുന്നത് ഒഴിവാക്കൽ | പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി |
| 10 | ശ്രീ. എൻ. ഷംസുദ്ദീൻ | മതന്യൂനപക്ഷ സംഘടനകൾ നടത്തുന്ന സ്കൂളുകളുടെ അംഗീകാരം | പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി |
| 11 | ശ്രീ. റോജി എം. ജോൺ | അയ്യമ്പുഴ, മലയാറ്റൂർ - നീലീശ്വരം പഞ്ചായത്തുകളിലെ വന്യജീവി ശല്യം | വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Ruling by the Speaker regarding the Point of Order raised by Shri.M.Ummer on 3-2-2020 as per rule 303:*

2020 ജനുവരി 31-ാം തീയതി ചേർന്ന കാര്യോപദേശക സമിതി യോഗ തീരുമാനങ്ങൾ മാധ്യമങ്ങളിലൂടെ പുറത്തുപറഞ്ഞതുവഴി ബഹുമാനപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 200-ലെ വ്യവസ്ഥകൾ ലംഘിച്ചതായും ഇത്തരം പ്രവണതകൾ ആശാസ്യമല്ലെന്നും ഇതിനെതിരെ ശക്തമായ റൂളിംഗ് ഉണ്ടാകണമെന്നും ബഹുമാനപ്പെട്ട അംഗം ശ്രീ. എം. ഉമ്മർ ഇന്നലെ (3-2-2020) ഒരു ക്രമപ്രശ്നത്തിലൂടെ ആവശ്യപ്പെടുകയുണ്ടായി.

'ജനുവരി 31-ാം തീയതിയിലെ കാര്യോപദേശക സമിതി യോഗത്തിനുശേഷം പുറത്തേക്കു പോയ തന്നെ പത്രമാധ്യമ പ്രവർത്തകർ സമീപിച്ചപ്പോൾ ബഹുമാനപ്പെട്ട

പ്രതിപക്ഷനേതാവ് നോട്ടീസ് നൽകിയിരുന്ന ചട്ടം 130 പ്രകാരമുള്ള ഉപക്ഷേപത്തിന്മേലുള്ള സർക്കാർ നിലപാട് വിശദീകരിക്കുകയാണുണ്ടായതെന്നും കാര്യോപദേശക സമിതി യോഗം ചേരുന്നതിന് മുമ്പുതന്നെ സർക്കാർ ഇക്കാര്യത്തിൽ കൈക്കൊണ്ട നിലപാടാണ് താൻ വിശദീകരിച്ചതെന്നും സമിതിയുടെ പരിഗണനാ വിഷയത്തെ സംബന്ധിച്ചോ സമിതി യോഗതീരുമാനത്തെ സംബന്ധിച്ചോ ഒരു കാര്യവും താൻ പത്രക്കാരോട് സംസാരിച്ചിട്ടില്ല എന്നും ബഹുമാനപ്പെട്ട മന്ത്രി, സഭയിൽ വിശദീകരണം നൽകുകയുണ്ടായി. കൂടാതെ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവാണ് നിയമസഭയിലെ മീഡിയാ റൂമിൽ പത്രസമ്മേളനം നടത്തി കാര്യോപദേശക സമിതിയിൽ നടന്ന ചർച്ചയുടേയും സമിതി ശിപാർശകളുടേയും വിശദാംശം വെളിപ്പെടുത്തിയതെന്നും യഥാർത്ഥത്തിൽ ചട്ടലംഘനം നടത്തിയത് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവാണെന്നും ഇതുമായി ബന്ധപ്പെട്ട വീഡിയോ ക്ലിപ്പിംഗുകൾ ബഹു.സ്പീക്കർ പരിശോധിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. അതോടൊപ്പം 3-2-2020-ൽ ഒരു ദിനപത്രത്തിൽ എഴുതിയ ലേഖനത്തിലൂടെയും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചട്ടലംഘനം നടത്തുകയുണ്ടായെന്നും ബഹുമാനപ്പെട്ട മന്ത്രി വിശദീകരിച്ചു.

കാര്യോപദേശക സമിതിയോഗത്തെ പരാമർശിച്ചുകൊണ്ട് ബഹുമാനപ്പെട്ട പാർലമെന്ററി കാര്യമന്ത്രി പത്രക്കാരെ കണ്ട് സംസാരിച്ചതിന്റെ അടിസ്ഥാനത്തിൽ മാത്രമാണ്, ബഹു.സ്പീക്കറെ മുൻകൂട്ടി അറിയിച്ചശേഷം കാര്യോപദേശക സമിതിയിൽ ഉണ്ടായ കാര്യങ്ങളെ സംബന്ധിച്ച് ഒരു വിശദീകരണം നൽകേണ്ട സാഹചര്യം ഉണ്ടായതെന്നും താൻ മനപ്പൂർവ്വം ചട്ടലംഘനം നടത്തിയിട്ടില്ലെന്നും ബഹു.സ്പീക്കർ ബന്ധപ്പെട്ട രേഖകൾ വിശദമായി പരിശോധിച്ചശേഷം ഇക്കാര്യത്തിൽ ശക്തമായ റൂളിംഗ് നൽകണമെന്നും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അഭ്യർത്ഥിക്കുകയുണ്ടായി.

ഉന്നയിക്കപ്പെട്ട ആരോപണങ്ങളുമായി ബന്ധപ്പെട്ട വിശദാംശങ്ങളുടെ വീഡിയോ ക്ലിപ്പിംഗുകൾ സഹിതമുള്ള രേഖകൾ ചെയർ പരിശോധിക്കുകയുണ്ടായി. നിയമസഭാ മന്ദിരത്തിനു പുറത്തു വച്ച്, തന്നെ വന്നുകണ്ട പത്രമാധ്യമ പ്രവർത്തകരോട് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് നോട്ടീസ് നൽകിയിരുന്ന ചട്ടം 130 പ്രകാരമുള്ള ഉപക്ഷേപത്തിന്മേലുള്ള സർക്കാർ നിലപാട് വിശദീകരിക്കുക മാത്രമാണുണ്ടായതെന്ന് അദ്ദേഹത്തിന്റെ വാദത്തെ ശരിവയ്ക്കുന്ന തരത്തിൽ തന്നെയായിരുന്നു അതു സംബന്ധിച്ച വീഡിയോ ക്ലിപ്പിംഗുകളിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്നത്. മാത്രവുമല്ല, കാര്യോപദേശക സമിതിയുടെ യോഗതീരുമാനങ്ങളെ സംബന്ധിച്ചുള്ള ഏതെങ്കിലും പരാമർശം അദ്ദേഹം നടത്തിയതായും പ്രസ്തുത വീഡിയോയിൽ കാണാൻ കഴിഞ്ഞില്ല.

എന്നാൽ ബഹുമാനപ്പെട്ട മന്ത്രി കാര്യോപദേശക സമിതി തീരുമാനം പത്രക്കാരോട് വെളിപ്പെടുത്തി എന്ന ഒരു തെറ്റിദ്ധാരണയുടെ അടിസ്ഥാനത്തിലാണെന്ന് തോന്നുന്നു,

ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് നിയമസഭാ മീഡിയാ റൂമിൽ പത്രസമ്മേളനം നടത്തിയതും കാര്യോപദേശക സമിതിയിൽ നടന്ന ചർച്ചയുടെ വിശദാംശം പത്രക്കാരോട് വിശദീകരിച്ചതും. കൂടാതെ, 2020 ഫെബ്രുവരി 3-ാം തീയതിയിലെ ഒരു ദിനപത്രത്തിൽ "ഗവർണറെ തിരിച്ചുവിളിക്കണമെന്ന പ്രമേയം നിരാകരിച്ചതിനു പിന്നിൽ" എന്ന തലക്കെട്ടിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ പേരിൽ വന്ന ലേഖനത്തിലും 31-1-2020-ലെ കാര്യോപദേശക സമിതിയിൽ നടന്ന ചർച്ചയുടേയും സമിതി കൈക്കൊണ്ട തീരുമാനത്തേയും സംബന്ധിച്ച വ്യക്തമായ പരാമർശങ്ങൾ ഉൾപ്പെടുത്തിയിരുന്നു.

എം.എൻ. കൗൾ ആന്റ് എസ്. എൽ. ശക്ധർ-ന്റെ "Practice and Procedure of Parliament" എന്ന ഗ്രന്ഥത്തിൽ "പാർലമെന്ററി സമിതികൾ" എന്ന 30-ാം അദ്ധ്യായത്തിലെ 'പ്രൊസീഡിംഗ്സ് ഇൻ കമ്മിറ്റീസ്' എന്ന ഉപശീർഷകത്തിൻ കീഴിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:

" The proceedings of a committee are treated as confidential and it is not permissible for a member of a committee or anyone who has access to those proceedings to communicate, directly or indirectly, to the press or any other persons any information regarding the proceedings, including the report or any conclusion arrived at finally or tentatively, before the report is presented to the House." (page 839, 7th Edition)

കേരള നിയമസഭയുടെ നടപടി ചട്ടങ്ങളിലും സമാനമായൊരു വ്യവസ്ഥ ചട്ടം 200-ൽ ഉൾപ്പെടുത്തിയിരിക്കുന്നത് നിയമസഭാ സമിതികളുടെ പ്രവർത്തനം കൂടുതൽ ഗൗരവതരവും കാര്യക്ഷമവും ആയി മാറ്റണമെന്ന ഉദ്ദേശ്യത്തോടുകൂടിത്തന്നെയാണ്. നമ്മുടെ നിയമസഭാ സമിതികളുടെ കാര്യത്തിൽ പൊതുവായും കാര്യോപദേശക സമിതിയുടെ കാര്യത്തിൽ പ്രത്യേകമായും അവയുടെ രഹസ്യ സ്വഭാവം നഷ്ടപ്പെടുത്തിയതും അതുവഴി സഭയുടെയും സമിതികളുടെയും പ്രത്യേക അവകാശം ലംഘിച്ചതും സംബന്ധിച്ച് കാര്യമായ പരാതികളൊന്നുംതന്നെ കഴിഞ്ഞ കാലങ്ങളിൽ ഉയർന്നുവന്നിട്ടില്ല. അതുകൊണ്ടുതന്നെ ഇക്കാര്യത്തെ സംബന്ധിച്ച് പ്രത്യേക റൂളിംഗുകളും ഉണ്ടായതായിക്കാണുന്നില്ല.

മാധ്യമങ്ങൾ നമ്മിലേക്കു കിനിഞ്ഞിറങ്ങുകയും, നമ്മൾ മാധ്യമങ്ങളാൽ വളഞ്ഞുവയ്ക്കപ്പെടുകയും ചെയ്യുന്ന ഈ കാലത്താണ് നമ്മൾ ഉള്ളത് എന്നത് എല്ലാവരും ജാഗ്രതയോടെ കാണണം. മാധ്യമ സ്വാതന്ത്ര്യം പ്രധാനമാണെങ്കിലും, സഭയുടെ അവകാശങ്ങളും അധികാരവും അതുപോലെ തന്നെ പ്രധാനമാണ്. സഭ അംഗീകരിച്ചിട്ടില്ലാത്ത കാര്യോപദേശക സമിതിയുടെ റിപ്പോർട്ട്, മാധ്യമ ചർച്ചയ്ക്ക് വിധേയമാകുന്ന തരത്തിൽ,

അവസരമായി മാറിയത് അത്യന്തം നിർഭാഗ്യകരമാണ്. അത് സഭയുടെ അന്തസ്സിന് നിരക്കാത്തതായിപ്പോയി. സഭയുടെ അവകാശ ലംഘനത്തിന്റെ പേരിൽ നടപടി സ്വീകരിക്കുവാൻ പര്യാപ്തമായ ഇത്തരം നടപടികൾ യാതൊരു കാരണവശാലും ഭാവിയിൽ ആവർത്തിക്കപ്പെടാൻ പാടില്ലെന്ന് ചെയർ ഇത്തരുണത്തിൽ റൂൾ ചെയ്യുന്നു.

<u>Discussion on the motion of thanks to the Governor's Address.</u>

Discussion on the Motion of thanks to the Governor's address resumed. The following Members took part in the discussion.

Shri James Mathew

Shri V. T. Balram

Shri R. Ramachandran

Shri P. K. Abdu Rabb

Shri K. Ansalan

Shri P. J. Joseph

Shri K. J. Maxy

Shri Anoop Jacob

Shri C. K. Nanu

Shri Mani C. Kappan

Shri Karat Razak

Shri Anwar Sadath

Smt. U. Prathibha

Shri M. Rajagopalan

Shri N. Samsudheen

Shri C. Krishnan

Shri Muhammed Muhassin P.

Shri V. K. Prasanth

Shri T. V. Ibrahim

Shri S. Rajendran

Shri P. T. Thomas

Shri V. Joy

(The discussion was inconclusive)

The House adjourned at 4.02 p.m. to meet again at 9.00 a. m. on Wednesday, February 5, 2020.

S. V. UNNIKRISHNAN NAIR,

*Secretary.*